# ലൈംഗിക വിദ്യാഭ്യാസം; വേണ്ടതും വേണ്ടാത്തതും

എ. മുഹമ്മദ് അസ്‌ലം

**ലൈംഗിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി കേരള സർക്കാർ പുറത്തിറക്കിയ പരിഷ്കരിച്ച കൈപുസ്തകത്തെക്കുറിച്ച്**

**ലൈംഗിക** വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചർച്ചയിൽ രണ്ടുതരം വീക്ഷണങ്ങളാണ് പൊതുവെ ഉയർന്നുവരാറുള്ളത്. ലൈംഗികത ക്ലാസ് മുറികളിലോ മറ്റിടങ്ങളിലോ ചർച്ച ചെയ്യേണ്ടതല്ല എന്നതാണ് ഒരു വീക്ഷണം. എല്ലാം എവിടെയും എപ്പോഴും തുറന്ന് ചർച്ച ചെയ്യണമെന്നതാണ് മറുവാദം. ലൈംഗികതയെക്കുറിച്ചുള്ള പഠനത്തിലൂടെ, ചർച്ചയിലൂടെ നമ്മുടെ സദാചാര സൗധങ്ങൾ തകർന്നുവീഴുമെന്നും അത് ലൈംഗിക അരാജകത്വത്തിന് വഴിവെക്കും എന്നുമാണ് ഒന്നാം വിഭാഗക്കാരുടെ ആരോപണം. എല്ലാം മറച്ചുപിടിക്കുന്നതാണ് സമൂഹത്തിലെ ലൈംഗികാതിക്രമങ്ങൾക്ക് കാരണമെന്നും, തുറന്ന ചർച്ചകൾ ആരോഗ്യകരമായ സമൂഹത്തിന് വഴിവെക്കുമെന്നും എതിർവിഭാഗക്കാർ തിരിച്ചടിക്കുന്നു. ആണിനും പെണ്ണിനും ഇത്തരം കാര്യങ്ങൾ തുറന്നുപറയുന്നതിലെ ലജ്ജ മാറേണ്ടതാണെന്നുമാണ് അവരുടെ നിലപാട്.

ഈ രണ്ടു നിലപാടുകൾക്കിടയിൽ ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ച ചർച്ചകൾ വഴിമുട്ടാറാണ് പതിവ്. യുനിസെഫ് പദ്ധതിയുടെ ചുവടുപിടിച്ച് സംസ്ഥാനത്തെ 10, +1 , +2 ക്ലാസ്സുകളിലെ കുട്ടികൾക്കായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് തയാറാക്കിയ ലൈംഗിക വിദ്യാഭ്യസ പദ്ധതിയെക്കുറിച്ചും ഇത്തരം വിവാദങ്ങൾ വ്യാപകമായി ഉണ്ടായി. ഈ പാഠ്യപദ്ധതിയുടെ ഭാഗമായി അധ്യാപകർക്ക് നൽകാൻ തയാറാക്കിയ കൈപുസ്തകം കേരളീയ പശ്ചാത്തലത്തിനു യോജിച്ചതല്ല എന്ന അഭിപ്രായത്തെത്തുടർന്ന് സർക്കാർ കൈപുസ്തകം പരിഷ്കരിച്ച് പുറത്തിറക്കിയിരിക്കുകയാണ്. ഭേദഗതി വരുത്തിയ കൈപുസ്തകവും ഇപ്പോൾ ചർച്ചക്ക് വെച്ചിരിക്കുന്നു. ചർച്ചകൾക്കും തിരുത്തലുകൾക്കും ശേഷം വീണ്ടും പുറത്തിറക്കി ക്ലാസുകളിൽ പഠിപ്പിക്കാൻ തന്നെയാണ് സർക്കാർ തീരുമാനം. ഈയൊരു സാഹചര്യത്തിൽ ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ച വീക്ഷണങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

ലൈംഗികത ജീവതവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. ലൈംഗികതയാണ് ജീവിതത്തെ നിർവചിക്കുന്നതെന്നുപറഞ്ഞ ചിന്തകന്മാർവരെ ലോകത്തുണ്ടായിട്ടുണ്ട്. മത ദർശനങ്ങളും ലൈംഗികതയെക്കുറിച്ച് പറയാതിരുന്നിട്ടില്ല. ലൈംഗികമായ അറിവിന്റെ അഭാവം ഒരാളുടെ ജീവിതത്തെ തെറ്റായ ദിശയിലേക്ക് നയിക്കാനിടയുണ്ട്. മനുഷ്യന്റെ നൈസർഗിക ജീവിതത്തിൽ ലൈംഗികതയെ അഭിമുഖീകരിക്കാതെ കഴിയില്ലല്ലോ. അത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നിലപാടുകളെക്കുറിച്ച് വളരുന്ന തലമുറ ബോധവാൻമാരായിരിക്കണം. ശാസ്ത്രീയ ലൈംഗികവിദ്യാഭ്യാസത്തിന്റെ അഭാവം കൊണ്ടാണ് പലപ്പോഴും വിദ്യാർഥികൾ ചതിക്കുഴികളിൽ ചെന്നുവീഴാൻ ഇടയാകുന്നത്. ഇതൊക്കെ മുന്നിൽവെച്ച് ശാസ്ത്രീയ ലൈംഗിക വിദ്യാഭ്യാസം ആവശ്യമാണെന്ന നിഗമനത്തിലാവും എത്തിച്ചേരുക.

എന്നാൽ ലൈംഗിക വിദ്യാഭ്യാസമെന്ന പേരിൽ എല്ലാം തുറന്ന് ചർച്ച ചെയ്ത് വിദ്യാർഥികളുടെ ലജ്ജാബോധം ഇല്ലാതാക്കിയാൽ പിന്നെയുണ്ടാവുക അരാജകത്വമായിരിക്കും. സമൂഹത്തിന്റെ തകർച്ചയായിരിക്കും ആത്യന്തിക ഫലം. ഉദാരവാദികൾ ഈ നിലപാടിലേക്കാണ് ചർച്ച കൊണ്ടുപോകുന്നത്. പാശ്ചാത്യ നാടുകളിലെ നിർലജ്ജ സംസ്കാരം ഇവിടെയും പടരും. സദാചാരത്തെ വില മതിക്കാതിരുന്ന സമൂഹത്തിന്റെ തകർച്ചയുടെ ചിത്രം *പെരിസ്ട്രോയിക്ക*യിൽ കാണാം. കുടുംബം തിരിച്ചുപിടിക്കണമെന്ന ക്രിസ്ത്യൻ മതമേധാവികളുടെ ആഹ്വാനങ്ങളിൽ നിറഞ്ഞുനിൽക്കുന്നത് ഈ വികാരമാണ്. ആൺ കുട്ടികളും പെൺകുട്ടികളും ഒരുമിച്ചിരുന്ന് പഠിക്കുന്നതുകൊണ്ട് അച്ചടക്കവും പഠന നിലവാരവും നഷ്ടപ്പെടുന്നതായും, കൗമാരത്തിൽ തന്നെ ഗർഭിണികളും അമ്മമാരുമാകുന്ന കുട്ടികളുടെ എണ്ണം കൂടുന്നതായും വിലയിരുത്തികൊണ്ട് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹൈസ്കുൾതലംവരെ വെവ്വേറെ

ക്ലാസും ഹൈസ്കൂൾതലം മുതൽ വെവ്വേറെ സ്കൂളും ഏർപ്പെടുത്താൻ അമേരിക്കയിലെ ജോർജിയ സംസ്ഥാനത്തെ ഗ്രീൻ കൗണ്ടി ബോർഡ് ഓഫ് എജ്യൂക്കേഷൻ തീരുമാനിച്ചതായി വാർത്തകളുണ്ട്. 2008 –09 അധ്യയന വർഷത്തിൽ പരിഷ്കാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ബോർഡ് സൂപ്രണ്ട് മാക് കോളോ ബോർഡിന്റെ ഔദ്യാഗിക വെബ്സൈറ്റിൽ പറയുന്നു(http://www.greene.k12.ga.us). തുറന്ന ലൈംഗികത നടപ്പാക്കിയ സമൂഹങ്ങൾ ഇന്ന് തിരിച്ചുപോക്കിന്റെ പാതയിലാണെന്നർഥം.

മറ്റെല്ലാ കാര്യങ്ങളിലുമെന്ന പോലെ ലൈംഗികതയുടെ കാര്യത്തിലും സന്തുലിതമായ സമീപനമാണ് ഇസ്‌ലാം വെച്ചുപുലർത്തുന്നത്. മനുഷ്യന് ആവശ്യമായ ലൈംഗിക അറിവുകൾ പ്രവാചകൻ തന്നെ അനുയായികളെ പഠിപ്പിച്ചിരുന്നു. സദാചാരപ്രശ്നങ്ങളോ അരാജകത്വമോ അത്തരം വിദ്യാഭ്യാസം ആ സമൂഹത്തിൽ ഉണ്ടാക്കിയില്ലെന്നു മാത്രമല്ല, മനുഷ്യ ചരിത്രത്തിലെ ഏറ്റവും സദാചാരബദ്ധമായ സമൂഹമായി അത് നിലകൊണ്ടതായും കാണാൻ കഴിയും. ഒളിച്ചുവെക്കുന്നതോ, പരിധികളില്ലാതെ തുറന്നു പറയുന്നതോ അല്ല ആ നയം. ആരോഗ്യകരമായ സാമൂഹിക ജീവിതത്തിന് ഉതകുന്ന തരത്തിലാണ് ആ വിദ്യാഭ്യാസം ക്രമീകരിച്ചിരിക്കുന്നത്. ആർത്തവമായാൽ എന്താണ് ചെയ്യേണ്ടതെന്ന് ചോദിക്കുന്ന പെൺകുട്ടിയേയും അതിന് മറുപടി പറയുന്ന പ്രവാചകനെയും കാണാം. ഭർത്താവിന്റെ ലൈംഗിക ബലഹീനതയെക്കുറിച്ച് പരാതി ഉന്നയിക്കുന്ന സ്ത്രീയെയും, പരിഹാരമായി വിവാഹമോചനം ചെയ്യാനുള്ള അനുമതി നൽകുന്ന പ്രവാചകനെയും കാണാം. സംയോഗത്തിലേർപ്പെടുന്നതായി സ്വപ്നം കണ്ടാൽ എന്തുചെയ്യണമെന്ന് പ്രവാചകനോട് ഒരു സ്ത്രീ ചോദിച്ചതായി ഹദീസുകളുണ്ട്. ലൈംഗിക ബന്ധത്തിലേക്ക് പ്രവേശിക്കുമ്പോൾ സ്വീകരിക്കേണ്ട രീതികളെക്കുറിച്ചു വരെ പ്രവാചകൻ പഠിപ്പിച്ചു. ലൈംഗികതയെ പാപമായിട്ടല്ല, മനുഷ്യജീവിതത്തിന്റെ സർഗാത്മകതയുടെ ഭാഗമായിട്ടാണ് പ്രവാചകൻ കണ്ടത്.

ഈ സമീപനം മുൻ നിർത്തി ലൈംഗിക വിദ്യാഭ്യാസത്തെ സമീപിക്കുകയാണ് ഉത്തമം. ലൈംഗികമായ വളർച്ച തുടങ്ങുന്ന കൗമാര ഘട്ടത്തിൽ തന്നെ ഇവ ശാസ്ത്രീയമായി അഭ്യസിക്കേണ്ടതുണ്ട്. കൗമാരം ശരീര വളർച്ചയുടെ പ്രത്യേക ഘട്ടമാണ്. എതിർ ലിംഗത്തിൽപ്പെട്ടവരോട് കൗതുകം തോന്നുന്ന കാലം. എന്തൊക്കെയോ പരീക്ഷിക്കാനും നിരീക്ഷിക്കാനുമുള്ള ത്വര കുട്ടികളിൽ പ്രകടമാകുന്നു. നിരവധി സംശയങ്ങൾ മനസ്സിൽ പൊട്ടിമുളക്കുന്നു. ക്ലാസ് മുറികളിൽ നിന്നോ രക്ഷകർത്താക്കളിൽ നിന്നോ ഇത്തരം അറിവുകൾ ലഭിക്കാത്ത പക്ഷം സമപ്രായക്കാരിൽ നിന്നും അശ്ലീല സാഹിത്യങ്ങളിൽ നിന്നും ഇവ കണ്ടെത്താൻ ശ്രമിക്കും. തെറ്റായ ധാരണകളായിരിക്കും മിക്കവാറും ഈ വഴികളിലൂടെ ലഭിക്കുക. മാത്രമല്ല, ലൈംഗിക ചൂഷണത്തിന് ഇരയാവാനും ഇത്തരം അന്വേഷണങ്ങൾ കാരണമാകും. അതിനാൽ ലൈംഗിക വിദ്യാഭ്യാസം സദാചാരബദ്ധമാക്കി നൽകുകയാണ് ശരിയായ മാർഗം.

പൂർണമായ അർഥത്തിലല്ലെങ്കിലും പരിഷ്കരിച്ച കൗമാര വിദ്യാഭ്യസ പദ്ധതിയിലെ ലൈംഗിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഭാഗങ്ങൾ ഉപകാരപ്രദമാകുമെന്നാണ് മനസ്സിലാവുന്നത്. ജീവിത നൈപുണികൾ, കൗമാര പ്രായക്കാരുടെ വളർച്ചയും വികാസവും, ലൈംഗിക രോഗങ്ങൾ എന്നിങ്ങനെ മൂന്നായാണ് പാഠ്യപദ്ധതി ക്രമീകരിച്ചിട്ടുള്ളത്. ഇതിൽ കൗമാര പ്രായക്കാരുടെ വളർച്ചയും വികാസവും എന്ന ഭാഗം രണ്ടായി തിരിച്ചിരിക്കുന്നു. കൗമാര പ്രായക്കാരുടെ ശാരീരിക മാറ്റങ്ങൾ, മാനസിക മാറ്റങ്ങൾ എന്നിവയാണ് ഒന്നാം ഭാഗത്ത്. പ്രജനന വ്യവസ്ഥ, പ്രജനനം തുടങ്ങിയവയെക്കുറിച്ചാണ് രണ്ടാം ഭാഗം. ഈ ഭാഗത്താണ് ലൈംഗികത ചർച്ച ചെയ്യുന്നത്. ഇവയിൽ ചില ഭാഗങ്ങൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ പഠിപ്പിക്കുകയാണ് നല്ലത് എന്ന് നിർദേശിക്കപ്പെട്ടിട്ടുണ്ട്.

ലൈംഗിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചർച്ചകളുടെ ആദ്യ ഘട്ടങ്ങളിൽ തന്നെ എസ്.ഐ.ഒ സജീവമായി ഇടപെട്ടിരുന്നു. ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിലാണ് (എൻ.സി.ഇ.ആർ.ടി) ദേശീയ തലത്തിൽ ലൈംഗിക വിദ്യാഭ്യാസ പദ്ധതിയുമായി ആദ്യം രംഗത്തു വന്നത്. അമേരിക്കൻ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ യുനിസെഫ് നിർദേശിച്ച സിലബസും പാഠ്യരീതികളുമായിരുന്നു അതിനുണ്ടായിരുന്നത്. എസ്.ഐ.ഒ അതിനെ അതിശക്തമായി എതിർക്കുകയും രാജ്യവ്യാപകമായി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. മുംബൈ, പൂനേ, റാഞ്ചി, ഹൈദരാബാദ്, ബാംഗ്ലൂർ തുടങ്ങിയ വിവിധ നഗരങ്ങളിൽ എസ്.ഐ.ഒ സംഘടിപ്പിച്ച വൻ വിദ്യാർഥി റാലികൾ ദേശീയ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. ലൈംഗിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ദേശീയ ഇംഗ്ലീഷ് ചാനലായ *എൻ.ഡി* ടി.വി സംഘടിപ്പിച്ച ചർച്ചയിൽ എസ്.ഐ.ഒ ദേശീയ അധ്യക്ഷൻ പങ്കെടുത്തു സംസാരിച്ചു. രാജ്യവ്യാപകമായി ഉയർന്ന പ്രതിഷേധത്തെത്തുടർന്ന് എൻ.സി.ഇ.ആർ.ടി പ്രസ്തുത സിലബസ് തൽക്കാലം സസ്പെന്റ് ചെയ്തിരിക്കുകയാണ്. വെങ്കയ്യ നായിഡു അധ്യക്ഷനായ പ്രത്യേക പാർലമെന്ററി സമിതി അതിനെക്കുറിച്ച് തെളിവെടുപ്പ് നടത്തിക്കൊണ്ടിരിക്കുന്നു. എസ്.ഐ.ഒ പ്രതിനിധി സംഘം സമിതിയെ കാണുകയും നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ദേശീയ പദ്ധതിയുടെ ചുവടുപിടിച്ച് കേരളത്തിലും ലൈംഗിക വിദ്യാഭ്യാസം നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അതിനായി പ്രത്യേകം കൈപുസ്തകം തയാറാക്കുകയും ചെയ്തു. നമ്മുടെ സാമൂഹിക സാഹചര്യങ്ങളെ മനസ്സിലാക്കാത്ത, തുറന്ന ലൈംഗികതയിലേക്ക് വാതിലുകൾ തുറക്കുന്ന രീതിയിലാണ് തുടക്കത്തിൽ കൈപുസ്തകം തയാറാക്കിയിരുന്നത്. എസ്.ഐ.ഒ അതിനെ ശക്തമായി എതിർക്കുകയും ബദൽ നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. എസ്.ഐ.ഒ വിന്റെ ബദൽ നിർദേശങ്ങളെ സാമാന്യമായി ഉൾക്കൊള്ളാൻ പരിഷ്കരിച്ച രേഖക്ക് സാധിച്ചിട്ടുണ്ടെന്നത് ആഹ്ലാദകരമാണ്. ആദ്യത്തെ പതിപ്പും പരിഷ്കരിച്ച പതിപ്പും തമ്മിൽ കാര്യമായ വ്യത്യാസങ്ങൾ

ഉണ്ട്. എയ്ഡ്സ് മുതലായ ലൈംഗിക രോഗങ്ങളെ ചെറുക്കുന്നതിനെക്കുറിച്ചുള്ള ചർച്ച തന്നെ വ്യത്യാസം വിളിച്ചോതുന്നുണ്ട്. ഗർഭനിരോധന മാർഗങ്ങളുപയോഗിച്ചുള്ള ലൈംഗിക ബന്ധമാണ്, ലൈംഗികരോഗങ്ങൾ തടയാനുള്ള മാർഗമായി ആദ്യ പതിപ്പ് പറയുന്നതെങ്കിൽ, സദാചാരനിഷ്ഠമായ ജീവിതമാണ് പരിഷ്കരിച്ച പതിപ്പ് നിർദേശിക്കുന്നത്. തീരെ അശ്ലീലമായ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുമുണ്ട്. പൊതുവെ സ്വീകാര്യമാണ് പാഠ്യപദ്ധതിയെങ്കിലും സ്ഖലിതങ്ങൾ ഇല്ലാതെയില്ല. സ്വയംഭോഗത്തെക്കുറിച്ചും ഉഭയ ലൈംഗികതയെക്കുറിച്ചുമുള്ള പരാമർശങ്ങൾ ഉദാഹരണം. അത്തരം തെറ്റായ ഭാഗങ്ങൾ തിരുത്തണമെന്ന് എസ്.ഐ.ഒ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

ക്ലാസ് കൈകാര്യം ചെയ്യുന്ന റിസോഴ്സ് പേഴ്സന്റെ ധാർമിക നിലവാരവും കഴിവും അനുസരിച്ചിരിക്കും പ്രത്യേക ലൈംഗിക പഠന ക്ലാസുകളുടെ സ്വഭാവം. വഴുക്കലുകൾക്ക് ഏറെ സാധ്യതയുള്ള ഒരു കാര്യത്തെക്കുറിച്ച് സന്ദിഗ്ധമായ പ്രായത്തിലുള്ള ഒരു വിഭാഗത്തെ പഠിപ്പിക്കുമ്പോൾ അങ്ങേയറ്റത്തെ ജാഗ്രത ആവശ്യമായി വരും. ഈ ജാഗ്രതയും ധാർമികതയും വെച്ചുപുലർത്താനായാൽ പുതിയ ലൈംഗികവിദ്യാഭ്യാസ പദ്ധതി ഗുണകരമാവും എന്നു പ്രതീക്ഷിക്കാം.

ഇതോട് ചേർത്തുവായിക്കേണ്ട കൗതുകകരമായ ഒരു കാര്യം കൂടിയുണ്ട്. അതായത്, ലൈംഗിക വിദ്യാഭ്യാസം ഇപ്പോൾ നമ്മുടെ നാട്ടിൽ നടപ്പാക്കിക്കളയാം എന്ന് കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് തോന്നാനുണ്ടായ കാരണം, ഇവിടെ നടന്ന എന്തോ ഗംഭീരമായ വിദ്യാഭ്യാസ ഗവേഷണമോ ലൈംഗിക മനഃശാസ്ത്ര പഠനമോ ഒന്നുമല്ല. യുനിസെഫ് പ്രസ്തുത ആവശ്യത്തിന് അത്യാവശ്യം കുഴപ്പമില്ലാത്ത ഫണ്ട് അനുവദിച്ചിരിക്കുന്നു എന്നതു മാത്രമാണ്. ആ ഫണ്ട് പാഴായിപ്പോകരുത്; അത്ര തന്നെ. ലൈംഗിക വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള ഒരു ഉന്നത ഉദ്യോഗസ്ഥൻ എസ്.ഐ.ഒ പ്രതിനിധി സംഘത്തോട് പറഞ്ഞതാണിത്!

പുതിയ സാഹചര്യങ്ങളിൽ, വളർന്നുവരുന്ന കുട്ടികൾക്ക് ലൈംഗികതയുടെ പാഠങ്ങൾ എങ്ങനെ കൈമാറണമെന്നതിനെക്കുറിച്ച ഇസ്‌ലാമിക പഠനങ്ങൾ ഇനിയും വികസിപ്പിക്കേണ്ടതായിട്ടുണ്ട്. പരമ്പരാഗതമായ മദ്റസാ പാഠപുസ്തകങ്ങളോ നവലിബറൽ ലൈംഗിക പാഠങ്ങളോ ഇതിന് പരിഹാരമല്ല. എന്നാൽ പുതിയ മാറ്റങ്ങളോട് അന്ധമായി കണ്ണടച്ചിരിക്കാനും സാധ്യമല്ല. ഇസ്‌ലാമിന്റെ ലൈംഗിക ശാസ്ത്രം എന്തെന്ന് പണ്ഡിതന്മാരും ആരോഗ്യ പ്രവർത്തകരും മനഃശാസ്ത്രജ്ഞരും കൂട്ടായി ഇരുന്ന് വികസിപ്പിക്കേണ്ടതുണ്ട്. ■

(എസ്.ഐ.ഒ സംസ്ഥാന
സെക്രട്ടറിയാണ് ലേഖകൻ)